പരാതികളെക്കുറിച്ച് ധനകാര്യ പരിശോധനാവിഭാഗവും വിജിലൻസ് വകുപ്പിൽ ലഭിച്ച പരാതിയിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം ജില്ലാ യൂണിറ്റും തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുമാണ് അന്വേഷണം നടത്തുന്നത്.

(ഡി) ജില്ലാ സാമൂഹ്യക്ഷേമ ആഫീസറുടെ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് ജൂലൈ മാസം അവസാനവും വിജിലൻസ് റിപ്പോർട്ട് അന്വേഷണം തീരുന്ന മുറയ്ക്കും ലഭിക്കുന്നതാണ്. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

'ഒരുകപ്പുപാലും ഷേക് ഹാൻഡും' എന്ന പദ്ധതി

32 (1224) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു കപ്പുപാലും ഷേക് ഹാൻസും എന്ന പദ്ധതി ഏത് പ്രായം വരെയുള്ള കുട്ടികൾക്കാണ് നടപ്പിലാക്കുന്നത് ;

(ബി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എത്ര കുട്ടികളാണ് ;

(സി) ഈ പദ്ധതിക്കാവശ്യമായ പാൽ ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കുന്നത് ;

(ഡി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ഇ) ഈ അദ്ധ്യയന വർഷം ആരംഭിച്ചതിന് ശേഷം ഈ പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറുമാസം മുതൽ ആറുവയസ്സുവരെ പ്രായമുള്ള അംഗൻവാടി കുട്ടികൾക്ക്.

(ബി) 6.67 ലക്ഷം കുട്ടികൾ

(സി) മിൽമ/അപ്കോസ് വഴി ലഭ്യമാക്കുന്നു.

(ഡി) ഉണ്ട്.

(ഇ) എല്ലാ സ്ഥലങ്ങളിലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(എഫ്) എല്ലാ സ്ഥലങ്ങളിലും മിൽമാ ഏജൻസികളോ, അപ്കോസോ ഇല്ലാത്തതുകൊണ്ടും, പാൽ വിതരണം വർഷത്തിൽ 200 ദിവസം എന്നു

LIBRARY ARCHIVES Kerala Legislative Assembly

നിജപ്പെടുത്തിയതുകൊണ്ടും പാലിന്റെ വില കൃത്യസമയത്ത് മിൽമയ്ക്കു നൽകുന്നതിലുണ്ടായ കാലതാമസത്താലും ചില സ്ഥലങ്ങളിൽ പാൽ വിതരണം മുടങ്ങിയിട്ടുണ്ട്.

സംസ്ഥാനത്തെ അംഗൻവാടികൾ

33 (1225) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പുതുതായി അംഗൻവാടികൾ സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാം ; എന്നത്തേയ്ക്ക് സ്ഥാപിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ;

(ഡി) അംഗൻവാടികൾ പുതുതായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 24335 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	2076
കൊല്ലം	2114
പത്തനംതിട്ട	1187
ആലപ്പുഴ	1794
കോട്ടയം	1726
ഇടുക്കി	1126
എറണാകുളം	2111
തൃശ്ശൂർ	2475
പാലക്കാട്	2046
മലപ്പുറം	2393
കോഴിക്കോട്	2200
വയനാട്	516
കണ്ണൂർ	1708
കാസർകോഡ്	863
ആകെ	24335

LIBRARY ARCHIVES Kerala Legislative Assembly